പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1292

03.12.2018 ൽ മറുപടിക്ക്

## രാജ്യറാണി എക്സ്പ്രസ് ട്രെയിൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച് റെയിൽവെ ബോർഡിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>(ബി) രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുമെന്ന പ്രഖ്യാപനം നടത്തി ഇത്രയും നാളായിട്ടും തീരുമാനം നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണ് എന്നറിയുമോ;വ്യക്തമാക്കാമോ;<br><br>(സി) ഇക്കാര്യത്തിൽ റെയിൽവെ ബോർഡുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ വേഗത്തിലാക്കി മലബാറിലെ യാത്രക്കാർക്ക് ഏറെ ആശ്വാസമായ രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും<br>നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പാലക്കാട് ഡിവിഷൻ റെയിൽവേ ബോർഡിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര ട്രെയിനായി ഓടിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തുകയുണ്ടായി. കോച്ചുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ ട്രെയിൻ സർവ്വീസ് ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. കാലതാമസം സംബന്ധിച്ച് രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ